# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3585

30.01.2014-ൽ മറുപടിക്ക്

## പുന്നപ്ര ഫിഷറീസ് ഹാർബർ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ജി.സുധാകരൻ | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | പുന്നപ്ര ഫിഷറീസ് ഹാർബറിന്റെ പഠനത്തിനായി ഏതെങ്കിലും ഏജൻസിയെ നിയോഗിച്ചിരുന്നോ; ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ ; | (എ) | പുന്നപ്ര ഫിഷറി ഹാർബറിന്റെ പഠനത്തിനായി ഏജൻസിയെ നിയോഗിച്ചിട്ടില്ല. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഡിപ്പാർട്ടുമെന്റ് മുഖേന പുരോഗമിക്കുന്നു. |
| (ബി) | പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ബാധകമല്ല. |
| (സി) | പഠനത്തിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ; | (സി) | പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിനെ മിനി ഫിഷിംഗ് ഹാർബറായി വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, മാതൃകാ പഠനം, പരിസ്ഥിതി പഠനം എന്നിവ നടത്തുന്നതിനായി 16.40 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് 09.09.2009 ൽ ഭരണാനുമതി നൽകിയിരുന്നു. 01.07.2010 ന ശേഷം കേന്ദ്ര സർക്കാരിന്റെ അംഗീകാരമുള്ള ഏജൻസികൾ മുഖേന നടത്തുന്ന പരിസ്ഥിതി പഠന റിപ്പോർട്ട് മാത്രമേ പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്നതിനായി പരിഗണിക്കുള്ളു എന്നതിനാൽ ടി ഭരണാനുമതി തുകയിൽ ഉൾപ്പെടുത്തി പഠനം നടത്താൻ സാധിക്കുകയില്ല. ആയതിനാൽ 51 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി 28.01.14 ൽ സ.ഉ.(സാധാ) 75/14/മതുവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (ഡി) | ബാധകമല്ല. |

Jeyasree

സെക്ഷൻ ഓഫീസർ